**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 573** **10-02-2025 - ൽ മറുപടിയ്ക്ക്**

**കെൽ ഫാക്ടറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് കെൽ ഫാക്ടറിയുടെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കെൽ - ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത് |
| (ബി) | കമ്പനി ലാഭത്തിൽ ആണെങ്കിൽ കൂടുതൽ ലാഭകരമായ സാഹചര്യം സൃഷ്ടിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്നും നഷ്ടത്തിലാണെങ്കിൽ നഷ്ടം നികത്താൻ എന്ത് നടപടികൾ സ്വീകരിച്ചെന്നും വ്യക്തമാക്കാമോ; | (ബി) | കമ്പനിയുടെ നഷ്ടം നികത്താനായി സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു.<br>• കമ്പനിയുടെ ഉല്പാദനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനായി 1.50 കോടി രൂപ ഈ സാമ്പത്തിക വർഷം പ്രവർത്തന മൂലധനമായി കമ്പനിയ്ക്ക് സർക്കാർ നൽകിയിട്ടുണ്ട്.<br>• മാർക്കറ്റിംഗ്, ഫിനാൻസ് വിഭാഗങ്ങളിൽ പുതിയ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>• കമ്പനിയുടെ ഉന്നമനത്തിനായി കൺസൾട്ടന്റുമാരുടെ സേവനം ലഭ്യമാക്കി.<br>• കൂടുതൽ ഉപഭോക്താക്കളിലേക്ക് കമ്പനിയുടെ ഉല്പന്നം വിൽക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചതിനു പുറമെ പുതിയ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ചകളും നടന്നുകൊണ്ടിരിക്കുന്നു. |
| (സി) | കെല്ലിൽ ഇപ്പോൾ ഉത്പാദിപ്പിക്കുന്ന സാമഗ്രികൾ എന്തൊക്കെയാണെന്നും അതിന്റെ വിപണി സാധ്യത എങ്ങനെയൊക്കെയാണെന്നും വ്യക്തമാക്കാമോ; | (സി) | ആൾട്ടർനേറ്ററുകളാണ് കെൽ - ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡിൽ ഉത്പാദിപ്പിക്കുന്ന പ്രധാന ഉൽപ്പന്നം. റെയിൽവേയിലും മറ്റു പൊതു ആവശ്യങ്ങൾക്കുമാണ് ഇവ ഉപയോഗിക്കുന്നത്. |
| (ഡി) | ഇപ്പോൾ കമ്പനിയിൽ എത്ര തൊഴിലാളികൾ ഉണ്ടെന്നും അവർക്ക് ശമ്പളം നൽകാൻ ഒരു മാസം എത്ര തുക ആവശ്യമുണ്ടെന്നും ശമ്പളയിനത്തിൽ കുടിശ്ശിക ഉണ്ടോ എന്നും വ്യക്തമാക്കാമോ; | (ഡി) | കമ്പനിയിൽ ഇപ്പോൾ 74 ജീവനക്കാർ ജോലി ചെയ്യുന്നു. ഇവർക്ക് ശമ്പളത്തിനായി മാസംതോറും ഏകദേശം 33 ലക്ഷം രൂപ ആവശ്യമുണ്ട്. ശമ്പളയിനത്തിൽ നിലവിൽ കുടിശ്ശിക ഇല്ല. |
| (ഇ) | കമ്പനിയിൽ നിന്നും പിരിഞ്ഞുപോയ ജീവനക്കാർക്ക് നൽകാൻ കുടിശിക ഉണ്ടെങ്കിൽ അതിന്റെ | (ഇ) | പിരിഞ്ഞു പോയ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി, പി. എഫ്., മറ്റു ഇനങ്ങൾ എന്നിവയിലായി ഏകദേശം 373 |

| | | | |
|---|---|---|---|
| | വിശദാംശം നൽകാമോ; കുടിശ്ശിക എപ്പോൾ കൊടുത്തുതീർക്കുമെന്നും വ്യക്തമാക്കാമോ? | | ലക്ഷം രൂപയാണ് നൽകുവാനുള്ളത് (പി. എഫ്. ന്റെ പിഴ പലിശ കൂടാതെ). കമ്പനിയുടെ സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ തീർപ്പാക്കുന്നതിന് 105 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കമ്പനിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ ബാക്കി കുടിശ്ശിക നൽകുവാൻ നിലവിലെ സാഹചര്യത്തിൽ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ